മലയാളം ന്യൂസ്
സ്ഥാപകർ:
ഹിഷാം അലി ഹാഫിസ്, മുഹമ്മദ് അലി ഹാഫിസ്
Saudi Research & Publishing Company
Copyright by Saudi Research & Publishing Co. All Rights Reserved.
എഡിറ്റർ-ഇൻ-ചീഫ്:
താരിഖ് മിശ്ഖസ്
സി.ഇ.ഒ, നശ്ർ കമ്പനി
അബ്ദുൽ വഹാബ് എം. അൽ ഫായിസ്

കാലികം |



എൻ.എസ്.എസിന്റെ കഴിവുകൊണ്ടാണ് രമേശ് ചെന്നിത്തല കെ.പി.സി.സി പ്രസിഡന്റായതെന്നത് പരമാർഥമാണ്. എന്നാൽ ഭൂരിപക്ഷ സമുദായത്തിനും ഉമ്മൻ ചാണ്ടി സർക്കാരിൽനിന്നു നീതി ലഭിക്കുന്നില്ല.
- വെള്ളാപ്പള്ളി നടേശൻ

المجموعة السعودية للأبحاث والتسويق
SAUDI RESEARCH & MARKETING GROUP
SRMG P.O.Box 53108 Riyadh 11583 - K.S.A
Tel: +96614418060 - Fax: +96614419569

അഹമ്മദ് ബിൻ സൽമാൻ ബിൻ അബ്ദുൽ അസീസ് രാജകുമാരൻ
1987 ൽ സ്ഥാപിച്ചത്
ഡോ. അസ്സാം അൽ ദഖീൽ
മാനേജിംഗ് ഡയറക്ടർ എസ്.ആർ.എം.ജി
SRMG's Companies



ഞങ്ങൾക്ക് പറയാനുള്ളത്

കേന്ദ്രമന്ത്രിമാർ രാഷ്ട്രീയ മുതലെടുപ്പ് നടത്തരുത്

കേന്ദ്ര പ്രവാസി മന്ത്രിയും വിദേശകാര്യ സഹമന്ത്രിയും പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയും മാധ്യമപ്പടയും ഇന്ന് സൗദിയിൽ എത്തുന്നുവെന്നാണല്ലോ വിവരം. സന്തോഷം. നിതാഖാത്തുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും അത് വാർത്തയാക്കി അതിൽ നിന്നു മുതലെടുപ്പ് നടത്തുകയും ചെയ്യുകയെന്ന മിനിമം പരിപാടിയിൽ കവിഞ്ഞ് യാതൊരു ലക്ഷ്യവും മന്ത്രിമാരുടെ ഈ വരവിനില്ല എന്ന് സാമാന്യബുദ്ധിയുള്ള എല്ലാ പ്രവാസികൾക്കും അറിയാം.

പബ്ലിസിറ്റിയുടെ കാര്യത്തിൽ ഞാൻ മുമ്പേ ഞാൻ മുമ്പേ എന്നാണ് ഈ രണ്ട് മന്ത്രിമാരുടേയും നിലപാടെന്നത് ഇവിടത്തെ കെ.എം.സി.സിക്കാർക്കും ഒ.ഐ.സി.സിക്കാർക്കും നല്ലത് പോലെ അറിയാം.

ലോക്സഭാ തെരഞ്ഞെടുപ്പിനു മുന്നോടിയായി ഈ പ്രശ്നത്തെ രാഷ്ട്രീയവൽക്കരിച്ചാൽ നാട്ടിലുള്ള പ്രവാസി ബന്ധുക്കളുടെ വോട്ടുകളും തട്ടിയെടുക്കാമെന്ന് ഇവർ കണക്ക് കൂട്ടുന്നുണ്ടാവും. ഏതായാലും കെ.സി. ജോസഫ് അവസാന സമയം സന്ദർഭോചിതം തടിയൂരിയത് നന്നായി. അദ്ദേഹത്തിന്റേയും പരിവാരങ്ങളുടേയും യാത്രാച്ചെലവെങ്കിലും നികുതിദായകന്റെ പോക്കറ്റിൽ നിന്നു നഷ്ടമാകില്ലല്ലോ. വയലാർ രവിയും ഇ. അഹമ്മദും ഇവിടെ വന്ന് എന്ത് ചെയ്യാൻ പോകുന്നത് നമുക്ക് കാത്തിരുന്നു കാണുക. പക്ഷേ കലക്കവെള്ളത്തിൽ മീൻ പിടിക്കുന്ന പരിപാടി അവർ ഉപേക്ഷിക്കുന്നതാവും നല്ലതെന്ന് ലക്ഷക്കണക്കിന് പ്രവാസികളുടെ ക്ഷേമം മുൻനിർത്തി അപേക്ഷിക്കുന്നു.

ടി.പി. സുരേഷ്കുമാർ കാരപ്പറമ്പ്
നജ്റാൻ

അർഹതയ്ക്ക് അംഗീകാരം

ജീവകാരുണ്യ-സേവനമേഖലകളിലെ മികച്ച പ്രവർത്തനത്തിന് സെയ്തുമ്മർ ബാഫഖിതങ്ങളുടെ പേരിലുള്ള കോഴിക്കോട് ജില്ലാ കെ.എം.സി.സി ഏർപ്പെടുത്തിയ കാൽലക്ഷം രൂപയുടെ പുരസ്കാരം നേടിയ സി.കെ.എ റസാഖ് മാസ്റ്റർക്ക് അഭിനന്ദനങ്ങൾ.

കെ.പി. അബൂബക്കർ താമരശ്ശേരി
റിയാദ്

വ്യവസ്ഥിതി കെട്ടുനാറുമ്പോൾ

നിയമസഭകളിൽ നടക്കുന്ന പ്രസംഗങ്ങളും നടപടികളും ശിക്ഷാ നിയമത്തിലെ വകുപ്പുകളും ഭരണഘടനയിലെ ചാരുതയാർന്ന വ്യവസ്ഥകളും കൊണ്ടുമാത്രം കുറ്റകൃത്യങ്ങൾ ഇല്ലാതാകുന്നില്ല. സമൂഹത്തെയാകെ മാറ്റിയെടുക്കേണ്ട ചികിത്സ ഇത് കൊണ്ട് സാധ്യമാകില്ല. മന്ത്രവാദികളുടെ പഴയകാല ബാധയൊഴിപ്പിക്കൽ പോലെ രാഷ്ട്രീയ പാർട്ടികളുടെ തുരുമ്പെടുത്ത ചട്ടപ്പടി പ്രവർത്തനത്തിലൂടെ ഇതൊന്നും ലക്ഷ്യം കാണുകയുമില്ല.

ശേഷം വഴിയേ...
അപ്പുക്കുട്ടൻ വള്ളിക്കുന്ന്

രാജ്യ തലസ്ഥാനത്ത് അഞ്ചുവയസ്സുള്ള ഒരു പിഞ്ചോമനയെക്കൂടി പിച്ചിച്ചീന്തിയതിന്റെ രോഷം തെരുവിലും പാർലമെന്റിന്റെ ഇരു സഭകളിലും ഒരിക്കൽക്കൂടി അലതല്ലുകയാണ്. 'നിർഭയ'യെ മനുഷ്യനു ചേരാത്ത വിധത്തിൽ ലൈംഗികമായി, മാരകമായി പരിക്കേൽപ്പിച്ചും മരണത്തിലേക്ക് വലിച്ചെറിഞ്ഞപ്പോഴും ഡൽഹിയിൽ പ്രതിഷേധത്തിന്റെ പ്രകമ്പനമുയർന്നിരുന്നു. അതിന്റെ മാറ്റൊലി രാജ്യത്താകെ ഉയർന്നിരുന്നു.

ഇത്തരം പീഡനങ്ങൾക്കു മുതിരുന്നവരെ ഷണ്ഡീകരിക്കുന്നതുതൊട്ട് കൊലക്കയർ നൽകുന്നതുവരെയുള്ള ശിക്ഷാ വ്യവസ്ഥകൾ ചേർത്ത് നിയമത്തിന്റെ പല്ലുകൾ രാകി കൂർപ്പിക്കാൻ ആഹ്വാനങ്ങളും ശ്രമങ്ങളും അന്നു നടന്നു. പീഡനങ്ങളുടെ തലസ്ഥാനമായിമാറിയ ഡൽഹിയിലെ മുഖ്യമന്ത്രിയുടെയും പ്രധാനമന്ത്രിയുടെയും കേന്ദ്ര ഭരണ - രാഷ്ട്രീയ മുന്നണിയുടെ അധ്യക്ഷയുടെയും രാഷ്ട്രപതിയുടെ തന്നെയും ഭവനങ്ങൾക്കു മുമ്പിൽ പ്രതിഷേധ തിരമാലകൾ അന്ന് ആഞ്ഞടിച്ചു. അതുകൊണ്ടായിരിക്കണം ഇത്തവണ അവരെല്ലാം ഒരുപോലെ പെട്ടെന്നു ഞെട്ടിയതിന്റെ ശബ്ദം രാജ്യമാകെ കേട്ടത്. ഒരു പോലീസ് കമ്മീഷണറുടെ രാജി, ശിക്ഷയുടെ ഡോസ് വീണ്ടും കൂട്ടൽ, വധശിക്ഷകൂടി പ്രത്യേകം വ്യവസ്ഥ ചെയ്യൽ - അങ്ങനെ അതിക്രമം തടയാൻ ഒരുവട്ടംകൂടി നിയമനിർമാണം വേണമെന്നാണ് പാർലമെന്റിൽ കക്ഷി നേതാക്കൾ കുറിപ്പടി വായിക്കുന്നത്.

ഇതിനകം തന്നെ ഒരു നാലുവയസ്സുകാരി മധ്യപ്രദേശിലും മറ്റൊരു അഞ്ചുവയസ്സുകാരി വടക്കുപടിഞ്ഞാറൻ ഡൽഹിയിലും ലൈംഗിക പീഡന ക്രൂരതയ്ക്ക് വിധേയരായിക്കഴിഞ്ഞു. ഒരു മലയാളി പെൺകുട്ടി തമിഴ്നാട്ടിലെ തിരുപ്പൂരിൽ ആക്രമിക്കപ്പെട്ടത് ഈ അതിക്രമങ്ങൾക്ക് പ്രത്യേക ഭരണ- രാഷ്ട്രീയ മണ്ഡലങ്ങളില്ലാത്ത അവസ്ഥ രാജ്യത്ത് കത്തിയാളുന്നു എന്നാണ് കാണിക്കുന്നത്. അതേ, ആഭ്യന്തരമന്ത്രി ഷിൻഡെ ന്യായീകരണം കണ്ടതുപോലെ രാജ്യമെമ്പാടും ബലാത്സംഗങ്ങൾതന്നെ. പ്രശ്നത്തിന്റെ യഥാർത്ഥ വശത്തേക്ക് അൽപം വിരൽചൂണ്ടിയത് സി.പി.എം നേതാവ് സീതാറാം യെച്ചൂരി മാത്രമാണ്. സമൂഹത്തിന് ഗുരുതരമായി എന്തോ കുഴപ്പമുണ്ടെന്നാണ് ഇതു കാണിക്കുന്നത്. അതു തിരുത്താനാണ് നടപടി വേണ്ടത് എന്നാണ് യെച്ചൂരി പറഞ്ഞത്.

ഇവിടെയാണ് തുടക്കത്തിൽ ഉദ്ധരിച്ച കമ്യൂണിസ്റ്റു മാനിഫെസ്റ്റോയിലെ നിരീക്ഷണം സമകാലിക സാമൂഹ്യാവസ്ഥയുമായി ബന്ധപ്പെടുത്തി ചേർത്തു വായിക്കുന്നതിന്റെ മർമ്മം പ്രസക്തമാകുന്നത്. ആധുനിക വ്യവസായവും ലോക കമ്പോളവും വ്യാപാരവും ബൂർഷ്വാസിയും (മൂലധനം) സമൂഹത്തെ എങ്ങനെ മാറ്റിത്തീർക്കും എന്നതിന്റെ ചിത്രമാണ് കമ്മ്യൂണിസ്റ്റു മാനിഫെസ്റ്റോ അന്നുവരച്ചുവെച്ചത്. കുടുംബത്തിന്റെ വൈകാരിക മൂടുപടം ബൂർഷ്വാസി പിച്ചിച്ചീന്തുന്നത്. ആദരവോടെയും ഭയഭക്തിയോടെയും വീക്ഷിച്ചിരുന്ന എല്ലാ തൊഴിലുകളുടെയും മാഹാത്മ്യത്തെ നിശ്ശേഷം നശിപ്പിക്കുന്നത്. ഭിഷഗ്വരനെയും അഭിഭാഷകനെയും പുരോഹിതനെയും കവിയെയുമെല്ലാം സ്വന്തം കൂലിവേലക്കാരാക്കുന്നത്. അങ്ങേയറ്റം അലസമായ ഒരു സമൂഹത്തെ സൃഷ്ടിക്കുന്നത്. സാമൂഹ്യ സ്ഥിതിഗതികളെയാകെ ഇളക്കിമറിച്ച് അനിശ്ചിതാവസ്ഥയും പ്രക്ഷോഭവും തുടർ പ്രതിഭാസമാക്കുന്നത്. ബൂർഷ്വാസിയുടെ ഒട്ടാകെയുള്ള പൊതു കാര്യങ്ങൾ നടത്തുന്ന ഒരു വെറും കമ്മിറ്റി മാത്രമായി സർക്കാറിനെ മാറ്റുന്നത്.

അങ്ങനെ ആ വ്യവസ്ഥയുടെ കാവൽക്കാരായ ചപ്രാസികളുടെയും കൂലിപ്പോലീസുകാരുടെയും മേൽനോട്ടക്കാർ മാത്രമായി തീർന്നിട്ടുള്ള ഭരണാധികാരികൾക്ക് ഈ അവസ്ഥ മാറ്റിത്തീർക്കാൻ ആവശ്യപ്പെട്ടതുകൊണ്ട് കാര്യങ്ങൾ ശരിപ്പെടാൻ പോകുന്നില്ല. ഇവർ കുറ്റവാളികളാണ്. രണ്ടായിരംരൂപ പ്രതിഫലം കൊടുത്ത് പരാതി ഇല്ലാതാക്കാൻ ശ്രമിച്ച നാലാംകിട പോലീസ് ഉദ്യോഗസ്ഥൻ മാത്രമല്ല കുറ്റവാളി. അവർ ബൂർഷ്വാസിയുടെ യഥാർത്ഥ കാവൽ യജമാനന്മാരുടെ മാനംകാക്കാനാണ് അത് ചെയ്തത്.

വിദ്യാഭ്യാസത്തിന്റെയും കുടുംബ സംസ്കാരത്തിന്റെയും നെല്ലിപ്പലകവരെ വികസനത്തിന്റെയും മൂലധന നിക്ഷേപത്തിന്റെയും പേരിൽ തിരുത്തുകയും പൊളിച്ചെഴുതുകയും ചെയ്യുന്നവരാണ് യഥാർത്ഥ പ്രതികൾ. അവരെക്കൊണ്ട് അത് ചെയ്യിക്കുന്നത് ബൂർഷ്വാസിയും. സമൂഹത്തിലാകെ പുതിയ ഇരുകാലി മൃഗങ്ങൾ വളർന്നുവരികയാണ്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപകമായ ഉപഭോഗവും അവരെ നയിക്കുന്നു. പുതുതായി രൂപപ്പെടുന്ന സാമൂഹിക - സാമ്പത്തിക സാഹചര്യങ്ങളും ഈ അവസ്ഥ വ്യാപകമാക്കുന്നു. ലാഭം വാരുന്ന വിദ്യാഭ്യാസ മാനേജുമെന്റുകളും വിദ്യാഭ്യാസ കച്ചവടത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ള മതമേധാവികളും ബൂർഷ്വാസിയുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന രാഷ്ട്രീയ നേതൃത്വങ്ങളും നമ്മുടെ സംസ്കാരവും ജീവിതവും വർത്തമാനവും ഭാവിയും എവിടെനിന്ന് എവിടെയൊക്കെയോ കൊണ്ടുചെന്നെത്തിച്ചു. ബൂർഷ്വാസി മുൻ ബന്ധങ്ങൾ അറുത്തുതള്ളി പുതിയ മനുഷ്യനെ സൃഷ്ടിക്കുന്നതിനെക്കുറിച്ച് കമ്യൂണിസ്റ്റു മാനിഫെസ്റ്റോയിൽ അന്നുതന്നെ പറഞ്ഞുവെച്ചിരുന്നു:

മനുഷ്യനും മനുഷ്യനും നഗ്നമായ സ്വാർത്ഥമൊഴികെ ഹൃദയശൂന്യമായ 'രൊക്കം പൈസ' ഒഴികെ മറ്റൊരു ബന്ധവും അത് ബാക്കിവെച്ചിട്ടില്ല. വർഗീയോന്മാദത്തിന്റെയും വീരോചിതമായ ആർത്തത്രാണ പാരായണത്വത്തിന്റെയും സ്വാർത്ഥ തൽപ്പരരുടെ വികാര പാരവശ്യത്തിന്റെയും ദിവ്യമായ ആനന്ദനിർവൃതിയെ അത് കടും ദുരയുടെ മഞ്ഞുവെള്ളത്തിലാഴ്ത്തി. അസംഖ്യം അനുപേക്ഷണീയ സ്വാതന്ത്ര്യങ്ങളുടെ സ്ഥാനത്ത് വ്യാപാര സ്വാതന്ത്ര്യം എന്ന മനസ്സാക്ഷി തൊട്ടുതെറിക്കാത്ത ഒരൊറ്റ സ്വാതന്ത്ര്യത്തെ അത് പ്രതിഷ്ഠിച്ചു. ഒറ്റവാക്കിൽ പറഞ്ഞാൽ മതപരവും രാഷ്ട്രീയവുമായ വ്യാമോഹങ്ങളുടെ തിരശ്ശീലയാൽ ആവൃതമായ ചൂഷണത്തിന്റെ സ്ഥാനത്ത് അത് നഗ്നവും നിർലജ്ജവും പ്രത്യക്ഷവും മൃഗീയവുമായ ചൂഷണം നടപ്പാക്കി.

ഉൽപാദനത്തെപ്പറ്റി ഏറെ സംസാരിക്കുകയും വികസനത്തിന്റെ സ്വപ്നങ്ങൾ ഇടയ്ക്കിടയ്ക്ക് ജനങ്ങൾക്ക് വാരിയെറിഞ്ഞുകൊടുത്ത് അധികാരത്തിന്റെ കസേര ഉറപ്പിക്കുകയും ചെയ്യുന്ന നമ്മുടെ രാഷ്ട്രീയ ഭരണനേതാക്കൾ അടിസ്ഥാനപരമായ ഒരു കാര്യം വിസ്മരിക്കുന്നു. ബൂർഷ്വാസിക്ക് അതിന്റെ നിലനിൽപ്പിനും ലാഭം നിലനിർത്തുന്നതിനും വർധിപ്പിക്കുന്നതിനും ഉൽപാദനോപകരണങ്ങളിലും ഉൽപാദന ബന്ധങ്ങളിലും മാത്രം സമൂല മാറ്റം വരുത്തിയാൽ പോരാ. സാമൂഹിക ബന്ധങ്ങളിലൊട്ടാകെ നിരന്തരമായ സമൂല പരിവർത്തനം വരുത്തേണ്ടതുണ്ട്. അതിന്റെ പ്രത്യാഘാതമാണ് ഈ വ്യവസ്ഥിതി ഇങ്ങനെതന്നെ നിലനിർത്താൻ പാടുപെടുന്നത്. ഒരു വശത്ത് ബൂർഷ്വാസിയെ സേവിക്കുകയും വളർത്തുകയും മറുവശത്ത് ജനങ്ങളെ പുരോഗതിയിലേക്കു നയിക്കുന്നു എന്ന് അവകാശപ്പെടുകയും ചെയ്യുക. അതിന്റെ പേരിലുള്ള പദ്ധതികളും പ്രവർത്തന പരിപാടികളും തകർന്നു തരിപ്പണമാകുക. ആഗോളീകരണത്തോടെ, ഉദാരീകരണനയത്തോടെ നിലവിലുള്ള വ്യവസ്ഥിതിയിൽ മുന്നോട്ടുപോകാൻ സ്വീകരിച്ച രണ്ടര പതിറ്റാണ്ടുകാലത്തെ ഭരണ നയങ്ങൾ. തുടർന്ന് രൂപപ്പെട്ട സാമൂഹിക -സാമ്പത്തിക- സാംസ്കാരിക പ്രത്യാഘാതങ്ങൾ. ഇവയുടെയൊക്കെ സൃഷ്ടിയാണ് ഇപ്പോൾ ചുറ്റിലും ഇത്തരം സംഭവങ്ങളിലൂടെ തുറിച്ചു നോക്കുന്നത്.

ഒരു കമ്മീഷണറെ മാറ്റിയതുകൊണ്ടോ, സർക്കാരിന്റെ മുഖ്യ രാഷ്ട്രീയ കമ്മീഷണറെ മാറ്റി ഇരുത്തിയതുകൊണ്ടോ, പകരം മറ്റൊരു പൊതുമിനിമം പരിപാടി സൃഷ്ടിച്ചതുകൊണ്ടോ ഈ ഭീഷണിക്കും ആപത്തിനും വിരാമമാകുന്നില്ല. ഭരണാധികാരികൾക്കും രാഷ്ട്രീയ പാർട്ടികൾക്കും മുന്നണികൾക്കും ഈ അവസ്ഥക്ക് നിലവിലുള്ള സംവിധാനത്തിലിരുന്ന് പ്രതിവിധി കാണാൻ കഴിയില്ല. അഴിമതിയും ക്രിമിനൽവൽക്കരണവും സമ്മേളിച്ച ഈ രാഷ്ട്രീയ - ഭരണ ജീവിത വ്യവസ്ഥ കൂടുതൽ വിഷലിപ്തമാക്കേണ്ടത് വ്യവസ്ഥ തകരാതെനോക്കാൻ ആഗ്രഹിക്കുന്ന ബൂർഷ്വാസിയുടെ ആഗ്രഹമാണ്.

അതുകൊണ്ടുതന്നെ ഈ വ്യവസ്ഥയെ മാറ്റിത്തീർക്കുന്ന ഒരു കടുത്ത ചികിത്സകൊണ്ടേ രാജ്യം നേരിടുന്ന ഈ വെല്ലുവിളിക്കും മാറുന്ന അവസ്ഥയ്ക്കും പ്രതിവിധി ഉണ്ടാകൂ. അതിനാകട്ടെ വിദ്യാർത്ഥികളെയും യുവാക്കളെയും സ്ത്രീകളെയും വീട്ടമ്മമാരെയും ജനങ്ങളെയാകെയും പഠിപ്പിക്കാൻ വൈകി. അതിന്റെ ചരിത്രവും രാഷ്ട്രീയവും തത്ത്വശാസ്ത്രവും അട്ടത്തുവെച്ചത് പൊടിതട്ടിയെടുത്ത് അറ്റുപോയ തുടർച്ച കൂട്ടിച്ചേർത്ത് മുന്നോട്ടുപോകാൻ വൈകി. ശരിയായ മാറ്റത്തിനുവേണ്ടി രംഗത്തിറങ്ങാൻ വൈകി.

അതിനുള്ള അടിയന്തര പ്രവർത്തനമാണ് നാടിന് ഇപ്പോൾ ആവശ്യം. നിയമസഭകളിൽ നടക്കുന്ന പ്രസംഗങ്ങളും നടപടികളും ശിക്ഷാ നിയമത്തിലെ വകുപ്പുകളും ഭരണഘടനയിലെ ചാരുതയാർന്ന വ്യവസ്ഥകളും കൊണ്ടുമാത്രം ഇതിന് പ്രതിവിധിയാകുന്നില്ല. സമൂഹത്തെയാകെ മാറ്റിയെടുക്കേണ്ട ചികിത്സ സാധ്യമാകില്ല. ഇവയൊക്കെ മന്ത്രവാദികളുടെ പഴയകാലബാധയൊഴുപ്പിക്കൽ പോലെ രാഷ്ട്രീയ പാർട്ടികളുടെ തുരുമ്പെടുത്ത ചട്ടപ്പടി പ്രവർത്തനത്തിലൂടെ ലക്ഷ്യം കാണുകയില്ല. അതിനുള്ള തിരിച്ചറിവും നീക്കവുമാണ് രാജ്യം അടിയന്തരമായി ആവശ്യപ്പെടുന്നത്. കാലം അതിനാണ് കാതോർക്കുന്നത്.

വിശ്വസാഹിത്യകാരൻ വില്യം ഷേക്സ്പിയറിന്റെ ചരമവാർഷികമായിരുന്നു ഏപ്രിൽ 23. അദ്ദേഹത്തിന്റെ സ്മൃതികുടീരത്തിനരികെ നിന്നൊരു കുറിപ്പ്

രഹസ്യങ്ങളുടെ നിധിപേടകം

സ്ട്രാറ്റ്ഫോഡിലെ ശവകുടീരത്തിൽനിന്ന് ഒരു പൂമ്പാറ്റ പറന്നു പോകവേ ഏറ്റവും അടിയിലായി നിലകൊള്ളുന്ന ആമേൻ എന്ന വാചകം എന്റെ കണ്ണിൽപ്പെട്ടു. രഹസ്യങ്ങളുടെ നിധിപേടകം പോലെ തോന്നിപ്പിക്കുന്ന കല്ലറയ്ക്കു മുന്നിൽ ഞാൻ നിന്നു. അപ്പോൾ കല്ലറയ്ക്കുള്ളിൽ മറ്റൊരു മാക്ബത്താണ് ഉറങ്ങുന്നതെന്നു എനിക്കു തോന്നി.

■ **കാരൂർ സോമൻ ചാരുംമൂട്, ലണ്ടൻ**

ഇംഗ്ലണ്ടിന്റെ രാഷ്ട്രകവിയും 'ബാർഡ്' എന്ന പേരിൽ അറിയപ്പെട്ടിരുന്ന മഹാപ്രതിഭയുമായ വില്യം ഷേക്സ്പിയറിന്റെ ഓർമകുടീരം ഇക്കഴിഞ്ഞ ദിവസങ്ങളിൽ സന്ദർശകരെക്കൊണ്ട് നിറഞ്ഞു കവിഞ്ഞിരിക്കുകയാണ്. ഇപ്പോഴും ജനപ്രവാഹം നിലച്ചിട്ടില്ല. ലോകക്ലാസിക്കുകൾ എന്നറിയപ്പെടുന്ന 38 നാടകങ്ങളും 154 ഗീതകങ്ങളും പത്തോളം കാവ്യങ്ങളും രചിച്ച മഹാനായ എഴുത്തുകാരൻ. അദ്ദേഹം ജനിച്ചതെന്നു വിശ്വസിക്കപ്പെടുന്ന ഇംഗ്ലണ്ടിലെ സ്ട്രാറ്റ്ഫോഡ് അപോൺ ഏവോണിലെ മണിമാളിക സന്ദർശിക്കാത്ത സാഹിത്യകുതുകികൾ ഉണ്ടാവുമോയെന്നു സംശയം. ഷേക്സ്പിയർ കൃതികൾ വായിച്ചിട്ടില്ലാത്തവർ പോലും ഇവിടേക്ക് വരുന്നു. ശവകുടീരം സ്ഥിതി ചെയ്യുന്നത് ഇംഗ്ലണ്ടിലെ സ്ട്രാറ്റ്ഫോഡ് ഹോളി ട്രിനിറ്റി പള്ളിയിലെ ചാപ്പലിൽ ആണ്. ഈ പള്ളിയുടെ കിഴക്കേ ഭിത്തിൽ ഷേക്സ്പിയറിന്റെ അർധകായ പ്രതിമ കാണാം. ഷേക്സ്പിയറിനു ജന്മനാടിന്റെ ശിലാസ്മാരകം. ഈ സ്മാരക ശിലയിൽ വില്യം ഷേക്സ്പിയറിനെ നെസ്തോർ, സോക്രട്ടീസ് തുടങ്ങിയവരുമായി താരതമ്യപ്പെടുത്തുന്നുണ്ട്. എന്നാൽ ആരായിരുന്നു ഈ ഷേക്സ്പിയർ, യഥാർത്ഥത്തിൽ അദ്ദേഹമെഴുതിയതായിരുന്നുവോ ഈ കൃതികളെല്ലാം എന്നതു സംബന്ധിച്ച് ഇന്നും സജീവമായ ചർച്ചകൾക്ക് അരങ്ങ് കൊഴുക്കുന്നു.

ഷേക്സ്പിയർ സ്ട്രാറ്റ്ഫോഡുകാരൻ തന്നെയാണോ എന്ന കാര്യം വിവാദവിഷയമായി നിലകൊള്ളുമ്പോഴും അദ്ദേഹത്തിന്റെ വസതിയും ശവകുടീരവുമെല്ലാം ഇവിടെ തന്നെയുള്ളത് അദ്ദേഹം ബേകൊനിയകാരനോ അല്ലെങ്കിൽ ഓക്സ്ഫോഡുകാരനോ ആയിരിക്കാമെന്ന വാദത്തെ തള്ളിപ്പറയുന്നുണ്ട്. ഇവിടെ വന്നു ചേരുന്ന ആയിരക്കണക്കിനാളുകൾക്ക് ഷേക്സ്പിയർ സ്ട്രാറ്റ്ഫോഡുകാരനാണെന്നു വിശ്വസിക്കുന്നതാണ് ഇഷ്ടവും.

വില്യം ഷേക്സ്പിയർ എന്നത് ഒരു അപരനാമം മാത്രമാണെന്നും ആ പേരിൽ മറ്റൊരാളോ ഒന്നിലധികം ആളുകളോ ആണ് യഥാർത്ഥ രചയിതാക്കൾ എന്നാണ് ഇന്നും പലരും കരുതുന്നത്. എന്നാൽ ഇതാരാണെന്നതിനെക്കുറിച്ചും കടുത്ത അഭിപ്രായഭിന്നതയുണ്ട്. ഇവരിൽ മുൻനിരക്കാർ ഫ്രാൻസിൻസ് ബേക്കൺ, ക്രിസ്റ്റഫർ മാർലോ, എഡ്വേഡ് ഡിവെറെ എന്നിവരാണ്. എന്നാൽ അതും വിശ്വസിക്കാൻ പ്രയാസം. ഇവർക്കു പുറമേ എലിസബത്ത് രാജ്ഞി, സ്റ്റുവാർട്ട് മേരി റാണി, ജേംസ് ഒന്നാമൻ രാജാവ്, വാൾട്ടർ റാലി എന്നിവരുടെ പേരുകൾ കൂടി കേൾക്കുമ്പോഴാണ് യഥാർത്ഥത്തിൽ ഈ വിശ്വവിഖ്യാത എഴുത്തുകാരന്റെ ജീവിതത്തെക്കുറിച്ച കൂടുതൽ ഗവേഷണം നടത്താൻ തോന്നിപ്പോവുന്നത്.

ഒരു സർവ്വസാധാരണ കുടുംബത്തിൽ ജനിച്ച വ്യക്തിയും വെറും സാധാരണ വിദ്യാഭ്യാസം മാത്രം ലഭിച്ചയാളുമായിരുന്നു ഷേക്സ്പിയർ എന്നാണ് അദ്ദേഹത്തിന്റെ ജീവചരിത്രകാരന്മാരെല്ലാം തന്നെ പൊതുവേ സമ്മതിച്ചിട്ടുള്ള കാര്യം. എന്നാൽ, അത്തരത്തിലുള്ള കുടുംബ പശ്ചാത്തലമുള്ള ഒരാൾക്കും ഷേക്സ്പിയറിന്റെ ഇപ്പോൾ ലഭ്യമായിട്ടുള്ളതു പോലെയുള്ള കൃതികൾ ഒരിക്കലും രചിക്കാനാവില്ല എന്നതാണ് ചരിത്രഗവേഷകരിൽ ഒരു കൂട്ടർ ഉയർത്തിക്കാണിക്കുന്ന ന്യായവാദങ്ങളിലൊന്ന്. അക്കാലത്ത് ഉയർന്ന വിദ്യാഭ്യാസം ലഭിച്ചിരുന്നത് പ്രഭുക്കന്മാർക്കും ഉന്നത കുലജാതർക്കും മാത്രമാണ്. ഈ ഗണത്തിലൊന്നും പെടാതിരുന്ന ഷേക്സ്പിയർ പിന്നെയെങ്ങനെ മാക്ബത്തും ജൂലിയസ് സീസറും പോലെയുള്ള ഉദാത്ത ക്ലാസിക്കുകൾ രചിച്ചുവെന്നത് ഇന്നും ഉത്തരം കിട്ടാത്ത ചോദ്യം. ഉന്നത വിദ്യാഭ്യാസം ലഭിച്ചവർക്കു മാത്രമേ ഇത്തരത്തിൽ ക്ലാസിക്കുകൾ സൃഷ്ടിക്കാനാവൂ എന്ന വാദം മറച്ചുപിടിക്കാൻ പറ്റുന്നുമില്ല. കൊട്ടാര കിംവദന്തികളും, ഉള്ളറക്കഥകളും, കൊട്ടാരത്തിനുള്ളിലെ കലാപങ്ങളുമെല്ലാം ഷേക്സ്പിയർ കൃതികളിൽ ആവർത്തിച്ചു കാണുന്ന രചനാപ്രമേയങ്ങളാണ്. കൊട്ടാരത്തിന്റെ പടിവാതിൽ കണ്ടിട്ടില്ലാത്ത ഒരാൾക്ക് ഇതൊക്കെയും എങ്ങനെ രചിക്കാനാവുമെന്നതിനെക്കുറിച്ച് പലരും ചോദ്യം ചെയ്യുന്നുണ്ട്. സാധാരണക്കാർ മാത്രം താമസിച്ചിരുന്ന സ്ട്രാറ്റ്ഫോഡ്കാരന് ഒരിക്കലും ഇതു സാധ്യമല്ലെന്ന വാദത്തെ ഖണ്ഡിക്കാൻ കാൽപനികത എന്ന വാചകം ഉപയോഗിക്കാമെങ്കിലും ഷേക്സ്പിയർ കൃതികളിൽ കാണുന്നത് ശരിക്കും അന്നത്തെ കാലത്തെ ഡോക്യുമെന്റേഷനാണെന്നത് ആർക്കും മനസ്സിലാവും. പുറമേ, ഷേക്സ്പിയർ കൃതികളുടെ രചയിതാവിനു നിയമം, സംഗീതം, വിദേശഭാഷകൾ, കായികം, ആയോധനം തുടങ്ങിയ വിഷയങ്ങളിൽ അവഗാഹം ഉണ്ടായിരുന്നതായി മനസ്സിലാവുന്നു. സ്ട്രാറ്റ്ഫോഡുകാരനായ വില്യമിനു ഈ വിജ്ഞാനങ്ങൾ ഉണ്ടാവാനുള്ള ഒരു മാർഗവുമില്ലായിരുന്നു വത്രേ. അപ്പോൾ പിന്നെ ഏതാണ് സത്യം, ഏതാണ് മിഥ്യ? ഷേക്സ്പിയർ എന്ന പേരിൽ ഈ കൃതികളെല്ലാം പിന്നീടാണെങ്കിൽ പോലും പുറത്തു വന്നതിനു പിന്നിലെ സാഹിത്യരഹസ്യം എന്തായിരിക്കും?ഷേക്സ്പിയറിന്റെ ആദ്യത്തെ ജീവചരിത്രകാരൻ നിക്കോളാസ് റോ പറയുന്നത് ഷേക്സ്പിയർ എന്ന ധനികനെക്കുറിച്ചാണ്. അക്കാലത്ത് നിരോധിക്കപ്പെട്ട മാൻവേട്ട കാരണമുണ്ടായ ശിക്ഷയിൽനിന്ന് രക്ഷപ്പെടാൻ സ്ട്രാറ്റ്ഫോർഡിൽനിന്ന് പലായനം ചെയ്തയാളാണ് ഷേക്സ്പിയർ എന്നു പറയുന്നു. എന്നാലിത് വില്യം ഷേക്സ്പിയർ അല്ലെന്നും വില്യമിന്റെ അച്ഛനായ ജോൺ ആയിരുന്നുവെന്നും ഒരു വാദമുണ്ട്. മറ്റൊരു ജീവചരിത്രത്തിൽ ഷേക്സ്പിയർ ലണ്ടനിലെ നാടകസമിതി ഉടമകളുടെ കുതിരയെ മേയ്ക്കുന്ന ആളാണ്. ഏതു വിശ്വസിക്കണമെന്നു നിങ്ങളുടെ യുക്തിക്കനുസരിച്ച് തീരുമാനിക്കാമെന്നായിരുന്നു ശവകുടീരത്തിനു സമീപമുണ്ടായിരുന്ന ഗൈഡ് പറഞ്ഞത്.

ഞാൻ വായിച്ച ജീവചരിത്രമെഴുതിയ ജോൺ ഓബ്രിയ പറയുന്നത് ഷേക്സ്പിയർ ഒരു സ്കൂൾ അദ്ധ്യാപകൻ ആയിരുന്നുവെന്നാണ്. ഇരുപതാം നൂറ